പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.350 25.06.2018-ൽ മറുപടിയ്ക്ക്

## കേന്ദ്രസർക്കാരിന്റെ കരട് വനനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.എം.രാജഗോപാലൻ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ 2018-ൽ പുറത്തിറക്കിയിട്ടുള്ള കരട് വനനയം പരിശോധിച്ചിട്ടുണ്ടോ; വനസമ്പത്ത് വിവേക പൂർവ്വം ഉപയോഗപ്പെടുത്തി അവയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ജനവിഭാഗത്തിന്റെ പ്രത്യേകിച്ച് പട്ടികഗോത്ര വർഗ്ഗക്കാരുടെ ജിവിത പുരോഗതിക്കായി കൂടി വിനിയോഗിക്കുന്ന സംസ്ഥാന സർക്കാർ ഉദ്ദേശത്തിന് പ്രതികൂലമാണ് നിർദ്ദിഷ്ട നയത്തിലെ പല വ്യവസ്ഥകളും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) കേന്ദ്ര സർക്കാരിന്റെ 2018 ലെ ദേശീയ വനനയത്തിന്റെ കരട് ലഭിച്ചത് വിശദമായ ചർച്ചകൾക്ക് ശേഷം വനം വകുപ്പിന്റെ അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കരട് വന നയത്തിൽ പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവനത്തിനും വന വികസന കോർപ്പറേഷനുകളുടെ കീഴിലുള്ള വന ഭൂമിയിലെ വനവത്കരണത്തിനും പൊതു സ്വകാര്യ പങ്കാളിത്ത മോഡലുകൾ നടപ്പാക്കുമെന്ന് പറയുന്നുണ്ട്. ഇത് വളരെ സുതാര്യമായി നടപ്പാക്കേണ്ടതാണെന്നും ഇതിന്റെ മറവിൽ വില പിടിപ്പുള്ള വന പ്രദേശങ്ങൾ സ്വകാര്യ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ കൈവശം ചേരാതിരിക്കുന്നതിനുള്ള മുൻകരുതൽ ആവശ്യമാണെന്നും 1988 ലെ കേന്ദ്ര സർക്കാരിന്റെ വനനയത്തിൽ ആദിവാസി വികസനം പ്രധാന ഇനമായിരുന്നു. എന്നാൽ ഇപ്പോൾ ആയതിന് വേണ്ടത്ര പ്രാധാന്യം കരട് വനനയത്തിൽ ഉള്ളതായി കാണുന്നില്ല. ആയതിനാൽ അതുകൂടി ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വാഭാവിക വനത്തിന്റെ വ്യാപനവും സംരക്ഷണവും എന്നതിന് പകരം സ്വകാര്യ പങ്കാളിത്തത്തോടെ വ്യവസായ താല്പര്യം സംരക്ഷിക്കുന്ന പദ്ധതികൾ കരട് വന നയത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് വനം സ്വകാര്യവൽക്കരിക്കാൻ വഴിവയ്ക്കാനിടയുണ്ടെന്ന ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുമോ? | (ബി) പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവനത്തിനും വന വികസന കോർപ്പറേഷനുകളുടെ കീഴിലുള്ള ഭൂമിയിലെ വനവൽക്കരണത്തിനും പൊതു സ്വകാര്യ പങ്കാളിത്ത മോഡലുകളാണ് പോളിസി വിഭാവനം ചെയ്യുന്നത്. ഇതിന്റെ മറവിൽ വിലപിടിപ്പുള്ള വന പ്രദേശങ്ങൾ സ്വകാര്യവ്യക്തികൾക്ക് ലഭിക്കാതിരിക്കുവാൻ വേണ്ട സുതാര്യത ഉറപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) നിലവിലുള്ള കേന്ദ്ര വനാവകാശ നിയമം (സി) യുക്തിസഹമായി ഭേദഗതി ചെയ്യണമെന്ന പട്ടിക ഗോത്ര വർഗ്ഗക്കാരുടെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | 1988 ലെ കേന്ദ്ര സർക്കാരിന്റെ വനനയത്തിൽ ആദിവാസി വികസനം പ്രധാന ഇനമായിരുന്നു. എന്നാൽ ഇപ്പോൾ ആയതിന് വേണ്ടത്ര പ്രാധാന്യം കരട് വനനയത്തിൽ ഉള്ളതായി കാണുന്നില്ല. വന്യജീവി-മനുഷ്യ സംഘർഷം ഒഴിവാക്കുന്നതിനായി എൻ.പി.വി ( Net Present Value) നൽകാതെ വന പ്രദേശത്ത് താമസിക്കുന്ന ആദിവാസികളെ സൗകര്യപ്രദമായി മറ്റിടങ്ങളിലേക്ക് മാറ്റി പാർപ്പിക്കൽ, വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ചിന്തകൾ, ആദിവാസി വിഭാഗങ്ങളുടെ പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ, ആദിവാസി വികസനം എന്നിവ കൂടി വനനയത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ